70 (1666) തിരുവനന്തപുരം നഗരത്തിലെ ക്രമസമാധാനത്തിൽ കൈവരിച്ച നേട്ടങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ തിരുവനന്തപുരം നഗരത്തിലെ ക്രമസമാധാനപാലനം, കുറ്റകൃത്യങ്ങൾ തടയൽ, സാമൂഹ്യവിരുദ്ധർക്കെതിരെയുള്ള നടപടി, ഗതാഗത നിയന്ത്രണം എന്നീ മേഖലകളിൽ സർക്കാർ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താൻ എന്തൊക്കെ മുൻകരുതലാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നൈറ്റ് പട്രോളിംഗ്, ഗോസ്റ്റു പട്രോളിംഗ്, സിറ്റിയിലെ കോളനികൾ, കച്ചവട കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള തുടർച്ചയായ പരിശോധന എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം.

(എ)-(സി) തിരുവനന്തപുരം നഗരത്തിലെ സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുംവേണ്ടി ഫ്ളയിംഗ് സ്ക്വാഡുകൾ, രാത്രിയിലും പകലും ഊർജ്ജിതമായി പട്രോളിംഗ് നടത്തുന്നതിനും കൺട്രോൾ റൂമിലെ അംഗസംഖ്യ വർദ്ധിപ്പിച്ച് ഡയൽ 100 സംവിധാനത്തോടുകൂടി 24 മണിക്കൂർ സേവനം ആവിഷ്കരിച്ചിട്ടുണ്ട്. അതിനുപുറമേ ക്രൈം സ്റ്റോപ്പർ സെൽ, പാന്തർ പട്രോളിംഗ് കോംബിംഗ് ഓപ്പറേഷൻ, പൊതുജന ബോധവൽക്കരണം, സെമിനാറുകൾ, റാപ്പിഡ് ആക്ഷൻ പട്രോളിംഗ്, 1099 ഫ്രീ ടെലിഫോൺ ഈസികാൾ പേജർ, വെബ്സൈറ്റ്, ഫ്രീ- പെയിഡ് ഓട്ടോ സംവിധാനം എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 1998 മുതൽ എല്ലാ നവംബർ മാസവും കുറ്റനിവാരണ മാസമായി ആചരിച്ചുവരുന്നു. തത്സമയ പ്രശ്നങ്ങളെ നേരിടാൻ എസ്.എച്ച്.ഒ. മാർക്കും മറ്റു പോലീസ് ഉദ്യോഗസ്ഥൻമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി)&(ഇ) കുറ്റവാളികളേയും സാമൂഹ്യവിരുദ്ധരേയും പിടികൂടുന്നതിനായി കോളനി പ്രദേശവും മറ്റും റെയ്ഡ് ചെയ്ത് കുറ്റവാളികളേയും മുൻ ശിക്ഷിക്കപ്പെട്ടവരേയും കണ്ടുപിടിക്കാറുണ്ട്. ഇത്തരം പ്രദേശങ്ങൾ പോലീസിന്റെ പ്രത്യേക നിരീക്ഷണത്തിനു വിധേയമാക്കുന്നു. രാത്രികാലങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന് ക്രൈം പ്രോൺ ഏരിയകളിൽ പാന്തർ

LIBRARY ARCHIVES Kerala Legislative Assembly

പട്രോളിംഗ്, മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

71 (1667) തടവുപുള്ളികളുടെ നിരാഹാരം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ജൂലൈ മാസത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുപുള്ളികൾ നിരാഹാരം കിടന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേരാണ് ഇങ്ങനെ നിരാഹാരം കിടന്നത്;

(സി) ഇവർ എത്രവർഷം തടവുകാലം പൂർത്തിയാക്കിയവരാണ്;

(ഡി) കേരളത്തിലെ ജയിലുകളിൽ 8 വർഷത്തിൽ കൂടുതൽ തടവ് അനുഭവിച്ച എത്ര തടവുകാർ ഉണ്ട്; ഓരോരുത്തരുടെ പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും, ജില്ല തിരിച്ച് വിശദമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനൊന്ന് പേർ

(സി) 8 വർഷത്തിലധികം ശിക്ഷ പൂർത്തിയാക്കിയവരാണ്.

(ഡി) 8 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ അനുഭവിച്ച 144 തടവുകാർ ഉണ്ട്. ഇവർ ഓരോരുത്തരുടെയും പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും ജില്ലയും തരംതിരിച്ച് വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

72 (1668) ഇലവുമരം മോഷണം പോയ സംഭവം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽപ്പെട്ട മുണ്ടക്കയം പോലീസ്സ്റ്റേഷൻ അതിർത്തിയിൽ വേലത്തിലംഭാഗത്ത് പുല്ലനയാർ തീരത്ത് പഞ്ചായത്ത് വക സ്ഥലത്ത് നിന്നിരുന്ന ഇലവുമരം മോഷണം പോയത് സംബന്ധിച്ച പഞ്ചായത്തധികൃതർ നൽകിയ പരാതി അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; ആരെല്ലാമാണ്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) മോഷണം പോയ ഇലവുതടി കസ്റ്റഡിയിൽ എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) കേസ്സന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) പൊതുമുതൽ മോഷ്ടിക്കപ്പെട്ടത് പിടികൂടാനും കേസ്സ് ശക്തമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly